പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

# പി.എം.എ.വൈ പദ്ധതി പ്രകാരം വീടുവയ്ക്കുന്നതിനുള്ള ധനസഹായം

13-03-2018-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2969

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. മോൻസ് ജോസഫ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) |
| (എ) | പ്രധാൻ മന്ത്രി ആവാസ് യോജന (പി.എം.എ.വൈ) പദ്ധതി പ്രകാരം വീടു വയ്ക്കുന്നതിനുള്ള ധനസഹായമായി ഗുണഭോക്താക്കൾക്ക് നിലവിൽ എത്ര രൂപയാണ് നൽകിവരുന്നത്; 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്കാണ് ഇപ്രകാരം ധനസഹായം നൽകിയിരിക്കുന്നത് എന്നറിയിക്കാമോ; | (എ) യും (ബി) യും | പി.എം.എ.വൈ (ജി) പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് 1,20,000/- രൂപയാണ് കേന്ദ്ര സർക്കാർ യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിട്ടുള്ളത്. ടി തുകയിൽ 72.000/- രൂപ കേന്ദ്ര സർക്കാരും 48,000/- രൂപ സംസ്ഥാന സർക്കാരും നൽകുന്നു. 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്ത് പി.എം.എം.വൈ. (ജി) പദ്ധതി പ്രകാരം [illegible]872 വീടുകൾ നിർമ്മിക്കുന്നതിനുള്ള അനുമതിയാണ് കേന്ദ്ര സർക്കാർ നൽകിയിട്ടുള്ളത്. ഇതിൽ 2865 കുടുംബങ്ങൾക്ക് 2017-18 വർഷം ധന സഹായം നൽകിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് സംസ്ഥാനത്ത് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ സംസ്ഥാന സർക്കാരിന്റെ ലൈഫ് പദ്ധതി ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന അതേ നിരക്ക് നൽകുന്നതിനായി 2,80,000/- രൂപകൂടി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധം I & II ആയി ചേർത്തിട്ടുണ്ട്.<br>പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതി പ്രകാരം 3 ലക്ഷം രൂപയായിരുന്നു യൂണിറ്റ് നിരക്ക്. ഇത് 1.5 ലക്ഷം രൂപ കേന്ദ്ര വിഹിതം, 0.5 ലക്ഷം രൂപ സംസ്ഥാന വിഹിതം, 0.5 ലക്ഷം രൂപ നഗരസഭാവിഹിതം, 0.5 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതം എന്ന നിരക്കിലാണ് നൽകിവരുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ തുക വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | 2017-18 സാമ്പത്തിക വർഷം 18,824 കുടുംബങ്ങൾക്ക് ഇപ്രകാരം സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.<br>പി.എം.എ.വൈ (നഗരം) പദ്ധതിയുടെ യൂണിറ്റ് നിരക്ക് 28-02-2018-ലെ ജി.ഒ.(എം.എസ്) നമ്പർ 29/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01-04-2017 മുതൽ 4 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. ഇതു പ്രകാരം കേന്ദ്രവിഹിതം 1.5 ലക്ഷം രൂപ, സംസ്ഥാന വിഹിതം 0.5 ലക്ഷം രൂപ, നഗരസഭാ വിഹിതം 2 ലക്ഷം രൂപയുമാണ്. ഗുണഭോക്തൃ വിഹിതം അടയ്ക്കേണ്ടതില്ല. (ഉത്തരവിന്റെ പകർപ്പ് അനുബന്ധം-III ആയി ചേർത്തിട്ടുണ്ട്). |
| (സി) | ഇപ്രകാരം തുക വർദ്ധിപ്പിച്ചാൽ പദ്ധതി പ്രകാരം വീടുപണി പൂർത്തീകരിച്ചവർക്കും പ്രസ്തുത വിഹിതം ലഭിക്കുമോ എന്നറിയിക്കാമോ; | (സി) | വർദ്ധിപ്പിച്ച യൂണിറ്റ് നിരക്ക് 2017 ഏപ്രിൽ-1-ന് ശേഷം ഭവന നിർമ്മാണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമാകുന്നതാണ്. |
| (ഡി) | ഓരോ ജില്ലയിലും 2017-18 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു എന്നറിയിക്കാമോ? | (ഡി) | 2017-18 സാമ്പത്തിക വർഷം പി.എം.എ.വൈ (ജി) പദ്ധതിയിൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ലയുടെ പേര് | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 43 |
| 2 | കൊല്ലം | 4 |
| 3 | പത്തനംതിട്ട | 26 |
| 4 | ആലപ്പുഴ | 8 |
| 5 | കോട്ടയം | 4 |
| 6 | ഇടുക്കി | 15 |
| 7 | എറണാകുളം | 6 |
| 8 | തൃശ്ശൂർ | 25 |
| 9 | പാലക്കാട് | 13 |
| 10 | മലപ്പുറം | 25 |
| 11 | കോഴിക്കോട് | 10 |
| 12 | വയനാട് | 0 |
| 13 | കണ്ണൂർ | 9 |

| | | |
|---|---|---|
| 14 | കാസർഗോഡ് | 11 |
| | ആകെ | 199 |

2017-18 സാമ്പത്തിക വർഷം പി.എം.എ.വൈ (അർബൻ) പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കിയ വീടുകളുടെ എണ്ണം ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ലയുടെ പേര് | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 120 |
| 2 | കൊല്ലം | 369 |
| 3 | പത്തനംതിട്ട | 69 |
| 4 | ആലപ്പുഴ | 126 |
| 5 | കോട്ടയം | 9 |
| 6 | ഇടുക്കി | 161 |
| 7 | എറണാകുളം | 250 |
| 8 | തൃശ്ശൂർ | 174 |
| 9 | പാലക്കാട് | 68 |
| 10 | മലപ്പുറം | 0 |
| 11 | കോഴിക്കോട് | 35 |
| 12 | വയനാട് | 53 |
| 13 | കണ്ണൂർ | 63 |
| 14 | കാസർഗോഡ് | 0 |
| | ആകെ | 1497 |

സെക്ഷൻ ഓഫീസർ

അനുബന്ധം I

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി- 2017-18 സാമ്പത്തിക വർഷം മുതൽ നൽകുന്ന വ്യക്തിഗത ഭവനങ്ങൾക്കുള്ള യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നത് - സംബന്ധിച്ച്. - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 3875/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 30/11/2017.

വായന:- 1. സ.ഉ (എം.എസ്) നം.161/2016/തസ്വഭവ തീയതി, 08/11/2016.
2. സ.ഉ (എം.എസ്) നം.151/2017/തസ്വഭവ തീയതി, 31/07/2017.
3. സ.ഉ (എം.എസ്) നം.203/2017/തസ്വഭവ തീയതി, 13/10/2017.
4. 03/11/2017-ൽ കൂടിയ ലൈഫ് മിഷൻ ഉപസമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ (LIFE MISSION) ഭാഗമായി വായന(3) പ്രകാരം രൂപീകരിച്ച ഉപസമിതിയുടെ നാലാമതായി വായിച്ച നടപടിക്കുറിപ്പിലെ 1 (i,ii,iii) തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

i. 2017-18 സാമ്പത്തിക വർഷം മുതൽ ജനറൽ വിഭാഗം, പട്ടികജാതി വിഭാഗം, തോട്ടം - മത്സ്യബന്ധന മേഖലയിൽ ഉള്ളവർ എന്നിവർക്കു പാർപ്പിട സുരക്ഷാ പദ്ധതി പ്രകാരം നൽകുന്ന വ്യക്തിഗത ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയാക്കുന്നതിന് അനുമതി.

ii. പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ ഭവനം നിർമ്മിക്കുന്നതിനുള്ള യഥാർത്ഥ നിർമ്മാണ ചെലവ് ജില്ലാ സാങ്കേതിക സമിതി നിശ്ചയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നൽകുന്നതിന് അനുമതി.

iii. 2016-17 സാമ്പത്തിക വർഷം നിർമ്മാണം ആരംഭിച്ചതും പൂർത്തിയാക്കാത്തതുമായ വ്യക്തിഗത ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് (ജനറൽ വിഭാഗം, പട്ടികജാതി വിഭാഗം, തോട്ടം -മത്സ്യബന്ധന മേഖലയിൽ ഉള്ളവർ) 4 ലക്ഷം രൂപ എന്ന നിരക്കിൽ ആനുപാതിക വർദ്ധനവ് നൽകുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ ഭവനം നിർമ്മിക്കുന്നതിനുള്ള യഥാർത്ഥ നിർമ്മാണ ചെലവ് ജില്ലാ സാങ്കേതിക സമിതി നിശ്ചയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നൽകുന്നതിനും അനുമതി.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, [illegible] കാര്യ വകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ഇൻസ്പെക്ടർ ജനറൽ രജിസ്ട്രേഷൻ വകുപ്പ്, തിരുവനന്തപുരം.
കമ്മീഷണർ & സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

അനുബന്ധം II

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2017-18 സാമ്പത്തിക വർഷം മുതൽ (1/4/2017 മുതൽ) പി.എം.എ.വൈ (ജി) ഭവന പദ്ധതി പ്രകാരം നൽകുന്ന വ്യക്തിഗത ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ് മിഷൻ) പ്രകാരമുള്ള ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റുമായി ഏകീകരിച്ച് ഉത്തരവാകുന്നു

തദ്ദേശ സ്വയംഭരണ (ഡി ഡി ) വകുപ്പ്

സ.ഉ.(സാധാ) നം./640/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/03/2018

പരാമർശം:- 1. 13/10/2017-ലെ സ.ഉ.(എം.എസ്) നം. 202/17/ത.സ്വ.ഭ.വ
2. 23-11-2017-ലെ സ.ഉ.(സാധാ) നം. 3768/17/ത.സ്വ.ഭ.വ
3. 30-11-2017-ലെ സ.ഉ.(സാധാ)നം.3875/2017/ത.സ്വ.ഭ.വ
4. ഗ്രാമവികസന കമ്മീഷണറുടെ 16-02-2018-ലെ 6892/H&T 1/2017/CRD നമ്പർ കത്ത്

## ഉത്തരവ്

2015-16 സാമ്പത്തിക വർഷം വരെ ഏത് ഭവന പദ്ധതിയിൽ ആരംഭിച്ച വീടുകളാണെങ്കിലും പണി തീരാത്ത വീടുകളുടെ പൂർത്തീകരണത്തിന് പട്ടികവർഗ്ഗ വിഭാഗങ്ങൾ ഒഴികെയുള്ളവർക്ക് യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയായി നിജപ്പെടുത്തിയും, നൽകാനുള്ള ബാക്കി തുകയുടെ ആനുപാതിക വർദ്ധനവ് നൽകുന്നതിന് അനുമതി നൽകിയും പരാമർശം-1 പ്രകാരം ഉത്തരവായിട്ടുണ്ട്.

2. പരാമർശം-2 പ്രകാരം 2016-17 വർഷത്തിൽ (31-03-2016-നും 31-03-2017-നും ഇടയിൽ) പി.എം.എ.വൈ (ജി) പദ്ധതി പ്രകാരം ധനസഹായം ലഭിച്ചവർക്ക് വീട് പണി പൂർത്തീകരിക്കുവാൻ കൂടുതൽ ധനസഹായം ആവശ്യമുണ്ടെങ്കിൽ പരാമർശം-1-ൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അധിക ധനസഹായം അനുവദിച്ച് നൽകുവാൻ ഉത്തരവായിട്ടുണ്ട്.

3. 2017-18 സാമ്പത്തിക വർഷം മുതൽ ജനറൽ വിഭാഗം, പട്ടികജാതി വിഭാഗം, തോട്ടം-മത്സ്യബന്ധന മേഖലയിലുള്ളവർ എന്നിവർക്ക് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (LIFE MISSION) പ്രകാരം നൽകുന്ന വ്യക്തിഗത ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയാക്കുന്നതിന് പരാമർശം-3 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ ഭവനം നിർമ്മിക്കുന്നതിനുള്ള യഥാർത്ഥ നിർമ്മാണ ചെലവ് ജില്ലാ സാങ്കേതിക സമിതി നിശ്ചയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നൽകുന്നതിനും അനുമതി

നൽകിയിട്ടുണ്ട്. 2016-2017 വർഷം നിർമ്മാണം ആരംഭിച്ചതും പൂർത്തിയാക്കാത്തതുമായ വ്യക്തിഗത ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപ എന്ന നിരക്കിൽ ആനുപാതിക വർധനവ് നൽകുന്നതിനും പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ ഭവനം നിർമ്മിക്കുന്നതിനുള്ള യഥാർത്ഥ നിർമ്മാണ ചെലവ് ജില്ലാ സാങ്കേതിക സമിതി നിശ്ചയിക്കുന്നതിൻറെ അടിസ്ഥാനത്തിൽ നൽകുന്നതിനും ടി ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

4. പരാമർശം 3 ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷം മുതൽ നൽകുന്ന വ്യക്തിഗത ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിൽ പി.എം.എ.വൈ (ജി) ഭവന പദ്ധതിയിൽ നൽകുന്ന വീടുകളെ സംബന്ധിച്ച് പരാമർശിച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റ് സംബന്ധമായ വിഷയങ്ങൾ ഒഴിവാക്കുന്നതിനായി ടി ഉത്തരവിൽ പി.എം.എ.വൈ (ജി) ഭവനങ്ങളെ പ്രത്യേകമായി സൂചിപ്പിച്ചും യൂണിറ്റ് കോസ്റ്റ് വർധനവിന് 1/4/2017 മുതൽ പ്രാബല്യം നൽകിയും ഉത്തരവുണ്ടാകണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ(ജി) പദ്ധതിയിൽ ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കേണ്ടുന്ന സാഹചര്യം പരിഗണിച്ച് 2017-18 സാമ്പത്തിക വർഷം മുതൽ (1/4/2017 മുതൽ) പി.എം.എ.വൈ (ജി) ഭവന പദ്ധതി പ്രകാരം നൽകുന്ന വ്യക്തിഗത ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ് മിഷൻ) പ്രകാരമുള്ള ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റുമായി ഏകീകരിച്ച് ഉത്തരവാകുന്നു.

6. പാർപ്പിടാവശ്യങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി മുൻകാലങ്ങളിൽ മാറിയ തുക ഇപ്പോൾ പ്രസ്തുത ആവശ്യത്തിന് വേണ്ട എങ്കിൽ ടി തുക യുടെ വിവരങ്ങൾ ലൈഫ് മിഷനിൽ ലഭ്യമാക്കി സർക്കാർ അംഗീകാരം വാങ്ങി ലൈഫ് പദ്ധതിക്കായി വിനിയോഗിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A AJITH KUMAR
#ApprovedByDesignation#

സെക്ഷൻ ഓഫീസർ

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം
ചീഫ് എക്സ്ക്യൂട്ടീവ് ഓഫീസർ , ലൈഫ് മിഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ് ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ , ഐ കെ എം , തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed [illegible] SHAJI T R
Date: 201[illegible]03[illegible] 10:40:59
IST
Reason: Approved
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

File No.LSGD-DC2/698/2017-LSGD

അനുബന്ധം III

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - പി എം എ വൈ (നഗരം) - ബി. എൽ. സി. (എൻ) പദ്ധതിയുടെ യൂണിറ്റ് നിരക്ക് 3 ലക്ഷം രൂപയിൽ നിന്ന് 4 ലക്ഷം രൂപയായി ഉയർത്തി ലൈഫ് പദ്ധതിയുടെ യൂണിറ്റ് നിരക്കുമായി ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്

G.O.(Ms)No. 29/2018/LSGD തീയതി,തിരുവനന്തപുരം, 28/02/2018

---

പരാമർശം:- 1സ.ഉ.(സാധാ) നം. 1222/16/ത.സ്വ.ഭ.വ. തീയതി 08/3/2016
2.സ.ഉ.(സാധാ) നം. 3875/2017/ത.സ്വ.ഭ.വ. തീയതി 30/11/2017
3. 28/11/2017-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന PMAY -യുടെ 11 മത് സ്റ്റേറ്റ് ലെവൽ സാങ്ഷനിങ് & മോണിറ്ററിങ് കമ്മിറ്റി (SLSMC) യോഗത്തിന്റെ നടപടിക്രമം
4.കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08/12/2017ലെ 10172/N/16/KSHO നമ്പർ കത്ത്

**<u>ഉത്തരവ്</u>**

'എല്ലാവർക്കും ഭവനം' എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാൻമന്ത്രി ആവാസ് യോജന. പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം പി. എം. എ. വൈ. (നഗരം) പദ്ധതിയുടെ ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണത്തിന് നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് നിരക്ക് 3 ലക്ഷം രൂപയാണ്. ഇതിൽ 1.5 ലക്ഷം രൂപ കേന്ദ്ര സർക്കാർ വിഹിതവും, 50,000/- രൂപ സംസ്ഥാന വിഹിതവും 50,000/- രൂപ നഗരസഭാ വിഹിതവും, 50,000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. പി. എം. എ. വൈ.(നഗരം) പദ്ധതിയിലൂടെ സംസ്ഥാനത്തെ നഗര പ്രദേശത്ത് സ്വന്തമായി സ്ഥലമുള്ള മുഴുവൻ ഭവന രഹിതർക്കും വീട് നിർമ്മിക്കുന്നിനുള്ള അനുമതി 2017-18 സാമ്പത്തിക വർഷത്തിൽ തന്നെ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

2017-2018 സാമ്പത്തിക വർഷം മുതൽ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ് മിഷൻ) പ്രകാരം നൽകുന്ന വ്യക്തിഗത ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയാക്കുന്നതിന് പരാമർശം 2 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അതിനാൽ യൂണിറ്റ് നിരക്ക് വർദ്ധിപ്പിക്കുമെന്ന പ്രതീക്ഷയിൽ പ്രധാൻമന്ത്രി ആവാസ് യോജന (നഗരം) പദ്ധതിയിൽ അംഗീകാരം ലഭിച്ച ഭൂരിഭാഗം ഗുണഭോക്താക്കളും കരാറിൽ ഏർപ്പെടാനോ തുടർ ഗഡുക്കൾ വാങ്ങാനോ തയ്യാറാകാത്ത അവസ്ഥ നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ 28/11/2017-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന PMAY -യുടെ 11) മത് സ്റ്റേറ്റ് ലെവൽ സാങ്ഷനിങ് & മോണിറ്ററിങ് കമ്മിറ്റി (SLSMC) മീറ്റിംഗിൽ പി.എം.എ.വൈ. (നഗരം) & ലൈഫ്

പദ്ധതികളുടെ യൂണിറ്റ് നിരക്ക് ഏകീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി.

പി.എം.എ.വൈ. (നഗരം) പദ്ധതിയുടെ യൂണിറ്റ് നിരക്ക് നിലവിലുള്ള 3 ലക്ഷം രൂപയിൽ നിന്ന് മേൽപ്പറഞ്ഞ പ്രകാരം 4 ലക്ഷമായി ഉയർത്തുന്നത് മൂലം നടപ്പ സാമ്പത്തിക വർഷം 459.28 കോടി രൂപ അധികമായി കണ്ടെത്തേണ്ടതുണ്ടെന്നും പദ്ധതി കാലയളവിൽ (2015- 2022) ഏകദേശം 1600 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടാകുന്നതാണെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 4 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

i) പി.എം.എ.വൈ. (നഗരം) - ബി. എൽ. സി. (എൻ) പദ്ധതിയുടെ യൂണിറ്റ് നിരക്ക് 01/04/2017 മുതൽ 4 ലക്ഷം രൂപയായി ഉയർത്തി ലൈഫ് പദ്ധതിയുടെ യൂണിറ്റ് നിരക്കുമായി ഏകീകരിക്കുന്നു.

ii) പി.എം.എ.വൈ. (നഗരം) പദ്ധതിയുടെ ബി. എൽ. സി. (എൻ)മാതൃകക്ക് കീഴിലുള്ള പുതുക്കിയ ധനവിഹിതം താഴെ പറയും പ്രകാരമായിരിക്കുന്നതാണ്.

| കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | നഗരസഭാ വിഹിതം |
|---|---|---|
| 1,50,000/- | 50,000/- | 2,00,000/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
T K JOSE
ADDITIONAL CHIEF SECRETARY

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
ചീഫ് എൻജിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പൊതു ഭരണ (എസ് സി ) വകുപ്പ് (ഇനം നമ്പർ : 1962 O A)
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ